പ്രാവർത്തികമാകാൻ സാദ്ധ്യതയുള്ള ഒരു ആശയവുമായി സമീപിക്കുന്ന സംരംഭകർക്ക് പ്രീ ഇൻകുബേഷന് അവസരം നൽകുകയും മുന്നോട്ട് പോകാൻ കഴിയുമെന്ന് കരുതുന്നവർക്ക് ഇൻകുബേഷനുള്ള അവസരം നൽകി പൂർണ്ണതോതിലുള്ള കമ്പനിയാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക പരിജ്ഞാനവും ഉപദേശവും കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഇതിനകം 220 ഓളം സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പൂർത്തിയാക്കി. അതിൽ പലതും വിജയകരമായി പ്രവർത്തിച്ചുവരുന്നു. 41 സംരംഭകർക്ക് ഇപ്പോൾ ഇൻകുബേഷൻ നൽകി വരികയുമാണ്. ഇത്തരത്തിൽ സൗകര്യങ്ങൾ നൽകി കൂടുതൽ സംരംഭകരെ ഈ മേഖലയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം യുവസംരംഭക പദ്ധതിക്കായി 30 കോടി രൂപയുടെയും ടെക്നോളജി ഇന്നവേഷൻ സോണിനായി 50 കോടി രൂപയുടെയും ഭരണാനുമതി നൽകുകയും ടി പദ്ധതികൾക്കായി യഥാക്രമം 5 കോടി രൂപയും 25 കോടി രൂപയും ഇതിനോടകം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

കെ.എം.എം.എൽ.-ന്റെ പ്രവർത്തന പുരോഗതി

195 (562) ശ്രീ. എം. എ. ബേബി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ന്റെ ശേഷിക്കനുസരിച്ച് പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതിന് വിഘാതമാകുന്ന എന്തെല്ലാം കാരണങ്ങൾ ഉണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എം.എം.എൽ.-ന്റെ പ്രവർത്തനക്ഷമതയെപ്പറ്റി മാനേജ്മെന്റ് തലത്തിലും കമ്പനിയുടെ ഡയറക്ടർ ബോർഡ് തലത്തിലും അവലോകന യോഗങ്ങൾ നടത്തി പ്രവർത്തനക്ഷമത വിലയിരുത്താറുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയെയും ശേഷിക്കനുസരിച്ചുള്ള ഉൽപ്പാദനത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് കമ്പനിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ 2010-11 വർഷത്തെ അപേക്ഷിച്ച് 2014-15-ൽ കുറവ് വന്നിട്ടുണ്ട്. 2010-11 തുടങ്ങി 2013-14 കാലയളവുവരെ കമ്പനി ലാഭത്തിലായിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

(സി) പരിശോധിച്ചിട്ടുണ്ട്. കമ്പനിയുടെ ഉൽപ്പാദനച്ചെലവിൽ വർഷാവർഷം ഉണ്ടായിട്ടുള്ള വർദ്ധനവ്, ടൈറ്റാനിയം ഡയോക്സൈഡിന് ഇന്ത്യൻ വിപണിയിൽ വന്നിട്ടുള്ള വിലയിടിവും പ്രത്യേകിച്ച് ചൈനയിൽ നിന്നുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതിയും കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടാതെ, കമ്പനിയിൽ ഉണ്ടായെന്ന് സംശയിക്കപ്പെട്ട 'ഗ്യാസ് ലീക്ക്' മൂലം കമ്പനിയുടെ ഉൽപ്പാദനം മൂന്ന് മാസത്തോളം നിർത്തിവയ്ക്കേണ്ട സാഹചര്യം നിലനിന്നതും 2014-15-ലെ നഷ്ടത്തിന് കാരണമായിട്ടുണ്ട്.

(ഡി) ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾ കമ്പനി ആവിഷ്കരിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും വിപണനം വർദ്ധിപ്പിക്കുവാനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ചൈനയിൽ നിന്നും മറ്റ് വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ഇറക്കുമതി നിയന്ത്രിക്കുന്നതിന് 'സേഫ് ഗാർഡ് ഡ്യൂട്ടി' ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കെ.എസ്.സി.ഡി.സി., കാപ്പെക്സ് - അനുവദിച്ച തുക

196 (563) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സിനും ബഡ്ജറ്റിനത്തിലും മറ്റിനങ്ങളിലും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ചും സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;